## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3321

16-12-2015- ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി പദ്ധതി നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്ത് വയനാട് ജില്ലയിലാണ് ഇത് നടപ്പിലാക്കിയത്. 12-ാം പഞ്ചവത്സര പദ്ധതിയിൽ ടി പദ്ധതി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾക്ക് (സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ) പുറമെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും നടപ്പിലാക്കി വരുന്നു. ആരോഗ്യ-വിദ്യാഭ്യാസ-കുടിവെള്ള മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. കൂടാതെ സംസ്ഥാനത്താകെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് വേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 16 ചെറുകിട പദ്ധതികളും 2014-15 സാമ്പത്തിക വർഷത്തിൽ 42 ചെറുകിട പദ്ധതികളും നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 80 ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 2499 ഭവനങ്ങൾ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിധവ/വിവാഹമോചിത/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കായി നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. പദ്ധതികളൊന്നും തന്നെ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിനനുവദിച്ച തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്താകെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് വേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 16 ചെറുകിട പദ്ധതികൾക്കായി 400 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 42 ചെറുകിട പദ്ധതികൾക്കായി 780 ലക്ഷം രൂപയും ചെലവഴിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് 1040 ലക്ഷം രൂപ വകയിരുത്തുകയും ആയത് ചെലവഴിക്കുന്നതിനായി 80–ഓളം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ടി പദ്ധതികളൊന്നും തന്നെ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കിയിട്ടുള്ളത്.<br>കൂടാതെ 11–ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ 3 ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 1380 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിലായി 15 ചെറുകിട കുടിവെള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ടി പദ്ധതി നടപ്പിലാക്കി വരുകയാണ്. |

സെക്ഷൻ ഓഫീസർ